പതിമൂന്നാം കേരളനിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ
ചോദ്യം നമ്പർ:76

30.06.15 ൽ മറുപടിക്ക്

കുട്ടനാട് പാക്കേജ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ആർ.രാജേഷ്<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>ശ്രീ.ജി.സുധാകരൻ<br>ശ്രീ.എ.എം.ആരിഫ് | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
| (എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലവിഭവവകുപ്പ് വിഭാവനം ചെയ്ത പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലവിഭവവകുപ്പ് വിഭാവനം ചെയ്ത പദ്ധതികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) പദ്ധതികൾ ഒന്നും പൂർത്തീകരിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ; | (ബി) പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാതെ പോയതിന്റെ കാരണങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (സി) തുക അനുവദിക്കുന്നതിലും അനുവദിച്ച തുക വിനിയോഗിക്കുന്നതിലും വന്ന വീഴ്ചകൾ അവലോകനം ചെയ്തിട്ടുണ്ടോ; | (സി) തുക അനുവദിക്കുന്നതിലും അനുവദിച്ച തുക വിനിയോഗിക്കുന്നതിലും ബോധപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ല. എന്നാൽ കെ.ഇ.എൽ-1, കെ.ഇ.എൽ-2 സ്കീമിന് കേന്ദ്രവിഹിതത്തിന്റെ രണ്ടാം ഗഡു ലഭ്യമാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. ആയതിനാൽ പ്രസ്തുത സ്കീമിന് സംസ്ഥാന വിഹിതം കൂടുതലായി വിനിയോഗിക്കേണ്ടി വന്നു. |

(ഡി) പാക്കേജ് നടപ്പിലാക്കാനുള്ള സമയം കേന്ദ്രസർക്കാർ നീട്ടി നൽകിയിട്ടുണ്ടോ; അല്ലാത്ത പക്ഷം പദ്ധതി എങ്ങനെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഡ) നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന താഴെ പറയുന്ന പദ്ധതികൾക്ക് കേന്ദ്ര സർക്കാർ സമയം നീട്ടി നൽകിയിട്ടുണ്ട്.

| സ്കീമിന്റെ പേര് | നീട്ടിക്കിട്ടിയ സമയപരിധി |
|---|---|
| കെ.ഇ.എൽ.-1 | 31-03-2015 |
| കെ.ഇ.എൽ.-2 | 31-03-2015 |
| കെ.ഇ.എൽ.-3 | 31-12-2016 |
| കെ.ഇ.എൽ.-4 | 31-12-2016 |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## വെള്ളപ്പൊക്കനിയന്ത്രണ പദ്ധതികൾ (ഫ്ളഡ് മാനേജ്മെന്റ് സ്കീം)

1. **കെ. ഇ. എൽ. - I** നെടുമുടി പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 24.7 കോടി അടങ്കൽ വരുന്ന പദ്ധതി 28.01.2010-ൽ കേന്ദ്ര ടി.എ.സി. അംഗീകരിക്കുകയും 12.07.2010-ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അംഗീകാരം നൽകുകയും തുടർന്ന് കേന്ദ്രവിഹിതത്തിന്റെ ആദ്യ ഗഡുവായി 7.425 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു. അംഗീകരിച്ച 24.7 കോടി രൂപായുടെ പദ്ധതി 14 പ്രവർത്തികളായി ടെൻഡർ ചെയ്യുകയും അവ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഈ സ്കീമിൽ ഇതുവരെ 11 പാടശേഖരങ്ങളുടെ പണികൾ പൂർത്തീകരിക്കുകയും 14.59 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് 30-01-2015 ൽ കേന്ദ്ര സർക്കാർ 2.4813 കോടി രൂപ കൂടി അനുവദിച്ചു.

2. **കെ. ഇ. എൽ. - II** കായൽ നിലങ്ങളിലെ 9 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 118.913 കോടി അടങ്കൽ വരുന്ന പദ്ധതി 12.05.2010-ൽ കേന്ദ്ര ടി.എ.സി. അംഗീകരിക്കുകയും 12.07.2010-ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അംഗീകാരം നൽകുകയും തുടർന്ന് കേന്ദ്രവിഹിതത്തിന്റെ ആദ്യ ഗഡുവായി 15 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു. അംഗീകരിച്ച 118.913 കോടി രൂപായുടെ പദ്ധതി 3 പ്രവർത്തികളായി ടെൻഡർ ചെയ്യുകയും അവ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്കീമിൽ ഇതുവരെ 99.79 കോടി രൂപ ചെലവായിട്ടുണ്ട്. ഈ പദ്ധതിക്ക് 30-01-2015 ൽ കേന്ദ്ര സർക്കാർ 50.8643 കോടി രൂപ കൂടി അനുവദിച്ചു.

3. **കെ. ഇ. എൽ. - III** 231 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായി 379.05 കോടി അടങ്കൽ വരുന്ന പദ്ധതിക്ക് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. 18.08.2011 ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അതിൽ 106.13 കോടിക്ക് അംഗീകാരം നൽകുകയും തുടർന്ന് ആദ്യ ഗഡുവായി 30 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു. ഈ പദ്ധതിയിൽപ്പെട്ട പ്രവൃത്തികൾ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്കീമിൽ ഇതുവരെ 25 പാടശേഖരങ്ങളുടെ പണികൾ പൂർത്തീകരിക്കുകയും 51.48 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് 30-01-2015 ൽ കേന്ദ്ര സർക്കാർ 1.8750 കോടി രൂപ കൂടി അനുവദിച്ചു.

4. **കെ. ഇ. എൽ. - IV** - ഓണാട്ടുകര പ്രദേശത്തെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിവാരണത്തിനായി 248.39 കോടി അടങ്കൽ വരുന്ന പദ്ധതിക്ക് ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. 15.12.2011-ൽ കൂടിയ കേന്ദ്രഎംപവ്വേർഡ് കമ്മിറ്റി അതിൽ 70 കോടിക്ക് അംഗീകാരം നൽകുകയും തുടർന്ന് ആദ്യ ഗഡുവായി 11.25 കോടി രൂപാ റിലീസ് ചെയ്യുകയും ചെയ്തു. ഈ പദ്ധതി 12 നീർത്തട പദ്ധതികളായി തിരിച്ച് ടെണ്ടർ ചെയ്യുകയും ചെയ്തു. ഇതിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ സ്കീമിൽ ഇതുവരെ 12.04 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

5. **കുട്ടനാട് താലൂക്കിലെ 398 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ**

കുട്ടനാട് താലൂക്കിൽപ്പെട്ട 398 പാടശേഖരങ്ങൾ ചേർത്ത് 3.10.2013-ലെ ഉത്തരവ് ജി. ഓ. (ആർ.റ്റി.) നം.1072/2013/ഡബ്ല്യു.ആർ.ഡി. പ്രകാരം 758.39 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പ്രവൃ

ത്തികളുടെ ടെൻഡർ നടപടികൾ കൈക്കൊള്ളുകയും ചെയ്തു. ഇതിന് 757.97 കോടി രൂപയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി സ്റ്റേറ്റ് റ്റി.എ.സി.യുടെ അംഗീകാരത്തിനായി 25.01.14 ൽ ഡയറക്ടർ, സി.ഡബ്ല്യു.സി, കോയമ്പത്തൂരിനും സമർപ്പിക്കുകയും ഇതിന് മറുപടിയായി സി.ഡബ്ല്യു.സി. ചില നിർദ്ദേശങ്ങളും പോരായ്മകളും ചൂണ്ടിക്കാട്ടുകയും അവ പരിഹരിച്ചു നൽകണമെന്ന് അറിയിക്കുകയും ചെയ്തു. 21-12-2013 ലും 07-10-2014 ലും കൂടിയ പ്രോസ്പിരിറ്റി കൗൺസിൽ യോഗത്തിൽ വീയപുരം പഞ്ചായത്തിലെ 18 പാടശേഖരങ്ങൾ കൂടി കുട്ടനാട് താലൂക്കിൽ ഉൾപ്പെടുത്തണമെന്നും തകഴി പഞ്ചായത്തിലെ പാടശേഖരങ്ങളുടെ എസ്റ്റിമേറ്റ് സ്പ്ലിറ്റ് ചെയ്ത് തയ്യാറാക്കണമെന്നും നിർദ്ദേശം ഉണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലും 2014 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരവും ഡി.പി.ആർ 1212.24 കോടി രൂപയ്ക്ക് പുതുക്കി തയ്യാറാക്കിയിട്ടുണ്ട്. ഇതിന് സ്റ്റേറ്റ് റ്റി.എ.സി. യുടെ അംഗീകാരം ലഭിച്ചു. ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കൂടി ലഭിക്കേണ്ടതുണ്ട്.

6. <u>തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും നവീകരണം</u>

തണ്ണീർമുക്കം ബണ്ടിന് 255.335 കോടി രൂപയുടെയും തോട്ടപ്പള്ളി സ്പിൽവേയുടെയും നവീകരണത്തിനായി 13.49 കോടി രൂപയുടേയും പദ്ധതി റിപ്പോർട്ട് ആണ് തയ്യാറാക്കിയത്. ടി പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തോട്ടപ്പള്ളി സ്പിൽവേയ്ക്ക് FMP പദ്ധതിയിൽ അംഗീകാരം ലഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗം നടത്തി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. തോട്ടപ്പള്ളി സ്പിൽവേയുടെ പദ്ധതി ചിലവ് 40-കോടിയിൽ താഴെ ആയതിനാൽ കേന്ദ്ര ജലകമ്മീഷന്റെ പുതിക്കിയ മാർഗ്ഗനിർദ്ദേശപ്രകാരം FMP പദ്ധതിയിൽ 12-ാം പദ്ധതിയിൽ ഏറ്റെടുക്കുവാൻ കഴിയുകയില്ല. ആയതിനാൽ ചുറ്റുമുള്ള പാടശേഖരങ്ങളുടെ പുറംബണ്ടു നിർമ്മാണവുംകൂടെ ഉൾക്കൊള്ളിച്ചുകൊണ്ട് 47 കോടി രൂപക്ക് പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.

### <u>*13-ാം ധനകാര്യ കമ്മീക്ഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ.*</u>

1. **തലയാഴം പഞ്ചായത്തിലെ കരിയാർ നദിയുടെ കുറുകെ ഉള്ള ബ്രഡ്ജ് കം റെഗുലേറ്ററിന്റെ നിർമ്മാണം.**
പുതുക്കിയ എസ്റ്റിമേറ്റ് തുക - 28.72 കോടി
പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചു.

2. **ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ റെഗുലേറ്ററുകളുടെ പുനഃരുദ്ധാരണം.**

*എ)* *പട്ടണക്കാട് പഞ്ചായത്തിലെ അന്തകാരനാഴി റെഗുലേറ്റർ കം ബ്രിഡ്ജിന്റെപുനർനിർമ്മാണവും പുനഃരുദ്ധാരണവും.*
പുതുക്കിയ എസ്റ്റിമേറ്റ് തുക - 3.32 കോടി
ടെൻഡർ നടപടി പൂർത്തീകരിച്ചു.

*ബി)* *എഴുപുന്ന പഞ്ചായത്തിലെ പേനടി റെഗുലേറ്റിന്റെ പുനർനിർമ്മാണവും പുനഃരുദ്ധാരണവും*
പുതുക്കിയ എസ്റ്റിമേറ്റ് തുക - 95.64 ലക്ഷം

ഇതുവരെ ചെലവാക്കിയ തുക 65.12 ലക്ഷം രൂപയാണ്.

*സി)* *കുത്തിയതോട് പഞ്ചായത്തിലെ പുല്ലുവേലി റെഗുലേറ്ററിന്റെ പുനർനിർമ്മാണവുംപുനഃരുദ്ധാരണവും*
പുതുക്കിയ എസ്റ്റിമേറ്റ് തുക - 96.71 ലക്ഷം.
പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. നിർമ്മാണം പുരോഗമിക്കുന്നു. ഇതുവരെ ചെലവാക്കിയ തുക 30.65 ലക്ഷം രൂപയാണ്.

ഡി) *വയലാർ പഞ്ചായത്തിലെ ചാത്തൻചിറ തോട്ടിലെ ചാത്തൻചിറ പാലത്തിനു സമീപം മടയുടേയും സംരക്ഷണഭിത്തിയുടേയും നിർമ്മാണം*
എസ്റ്റിമേറ്റ് തുക - 0.05 കോടി
പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചു.

3. ***എ. സി. കനാൽ വിപുലീകരിച്ച് പ്രളയ-ജല-നിർഗമനം സുഗമമാക്കൽ:***

**ഒന്നാം ഘട്ടം: - മനയ്ക്കൽചിറ മുതൽ ഒന്നാംകര വരെ**

6.09.2012-ൽ ടി. പദ്ധതിയ്ക്ക് 20.67 കോടി രൂപയ്ക്ക് 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വഴി നടപ്പിലാക്കുവാൻ ഭരണാനുമതി ലഭിച്ചു. ടി. പ്രവൃത്തിയ്ക്ക് നാളിതുവരെ 2.32 കോടി രൂപ ചിലവഴിച്ചു.

കുട്ടനാട് പാക്കേജിന്റെ ഭാഗമായി 13 പഞ്ചായത്തുകളിൽ ജലം എത്തിക്കുന്ന പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 70 കോടി രൂപയുടെ ഭരണാനുമതി 28.12.2013-ൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ ട്രാൻസ്മിഷൻ സിസ്റ്റം,12 പഞ്ചായത്തുകളിലേക്കുള്ള വിതരണ ശ്യംഖല ഇവയുടെ പൂർത്തീകരണം, തകഴി, കാവാലം എന്നീ പ്രദേശങ്ങളിലെ ഉന്നതതല സംഭരണികളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. ട്രാൻസ്മിഷൻ സിസ്റ്റത്തിന്റെ 45 കി. മീറ്ററിൽ 25 കി. മീറ്റർ പൂർത്തീകരിച്ചു. വിതരണശ്യംഖലയുടെ 57 ക.മി.പൈപ്പ് സപ്ലൈ ചെയ്ത് കഴിഞ്ഞു

സെക്ഷൻ ഓഫീസർ

അനുബന്ധം !!

നടപടിക്രമങ്ങളുടെ കാലതാമസം.

വിശദമായ പദ്ധതിരേഖ കേന്ദ്രഗവൺമെന്റ് അംഗീകരിച്ചതിന് ശേഷം കെ. ഇ. എൽ – III, ഓണാട്ടുകര എന്നീ പദ്ധതികൾ കേന്ദ്രജലവിഭവ വകുപ്പിന്റെ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനു കാത്ത് നിന്നതിനാലും പാടശേഖരങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ക്ഷണിച്ചതുമൂലം കരാറുകാർ ഏറ്റെടുക്കുവാൻ വിസമ്മതിച്ചതിനാലും കാലതാമസ്സം ഉണ്ടായി. ടി. പ്രവൃത്തികൾ വീണ്ടും ടെൻഡർ ചെയ്യുന്ന അവസരത്തിൽ പൊതുമാരാമത്ത് നിരക്കുകൾ പുനഃനിർണ്ണയിച്ചതിനാൽ എസ്റ്റിമേറ്റുകൾ പുതുക്കേണ്ട കാലതാമസം വന്നിട്ടുണ്ട്.

കെ. ഇ. എൽ – 3, ഓണാട്ടുകര, കുട്ടനാട് താലൂക്ക് എന്നീ പദ്ധതികളുടെ പാടശേഖരങ്ങളുടെ പ്രവൃത്തികൾക്ക് ആദ്യ ദർഘാസിന് കരാറുകാരിൽനിന്ന് പ്രതികരണം കുറവായതിനാലും, കരാറുകാർ കൂടിയ നിരക്കുകൾ ആവശ്യപ്പെട്ടതിനാലും വീണ്ടും ടെൻഡർ നടപടികളിൽ ഏർപ്പെട്ടതിനാൽ നടപടിക്രമം പൂർത്തീകരിക്കുവാൻ കാലതാമസ്സം നേരിട്ടു.

കെ. ഇ. എൽ. – II, തണ്ണീർമുക്കം എന്നീ പദ്ധതികൾക്ക് കരാറുകാർ തമ്മിലുള്ള തർക്കം കോടതി വ്യവഹാരത്തിലേയ്ക്ക് നയിച്ചതിനാൽ കരാറിലേർപ്പെടുന്നതിൽ കാലതാമസം നേരിട്ടു.

കരാറിലേർപ്പെട്ടതിന് ശേഷമുള്ള കാലതാമസം.

1. സമുദ്രനിരപ്പിന് താഴെ സ്ഥിതിചെയ്യുന്ന പാടശേഖരങ്ങളിൽ മഴക്കാലത്ത് വെള്ളപ്പൊക്കം മൂലം നിർമ്മാണ പ്രവൃത്തികൾ സാദ്ധ്യമാകാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ വൈകുന്നു. കൂടാതെ കൃഷിചെയ്യുന്ന പാടശേഖരങ്ങളിൽ കൃഷിയേയും അനുബന്ധപ്രവൃത്തികളെയും ബാധിക്കുന്നതിനാൽ നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെടുന്നു. പ്രത്യേകിച്ച് മോട്ടോർത്തറകളുടേയും മോട്ടോർ പുരകളുടേയും നിർമ്മാണം കൃഷി നടത്തുമ്പോഴും കൃഷി ഒരുക്കുവാൻ വേണ്ടി വെള്ളം വറ്റിക്കുന്ന സമയത്തും നടക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ, 1 വർഷത്തിൽ വെറും 3 മാസം മാത്രമേ നിർമ്മാണപ്രവർത്തികൾക്കായി ലഭിക്കാറുള്ളൂ.
2. പാടശേഖരങ്ങളിലേയ്ക്കുള്ള സാധനസാമഗ്രികളുടെ നീക്കം ഇടുങ്ങിയതും പോളനിറഞ്ഞതുമായ തോടുളിലൂടെ ആയതിനാൽ നിർമ്മാണം മന്ദഗതിയിലാകുന്നു.
3. നിർമ്മാണപ്രവർത്തികൾ വീതി കുറഞ്ഞ പുറംബണ്ടുകളിലായതിനാൽ സാധനസാമഗ്രികൾ (പ്രത്യേകിച്ച് കരിങ്കല്ല്) വ്യാപകമായ സംഭരിക്കുവാനുള്ള കടവുകളുടെ അഭാവം നിർമ്മാണത്തെ ബാധിക്കുന്നു.4. സാധനസാമഗ്രികൾ പണിസ്ഥലത്ത് സംഭരിക്കാനുള്ള സ്ഥലപരിമിതിയും കർഷകരുടേയും തദ്ദേശവാസികളുടെയും എതിർപ്പും നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിന് തടസ്സം നിൽക്കുന്നു.
5. മിക്ക പാടശേഖരങ്ങളിലും ചെളി (കട്ട) കൊണ്ട് ബണ്ട് ഉയർത്തുന്ന രീതിക്ക് നിലവിൽ റോഡ് സൗകര്യം ഉള്ളതുകൊണ്ട് തദ്ദേശവാസികളുടെ എതിർപ്പ് നേരിട്ടതിനെ തുടർന്ന് പണി തടസ്സപ്പെട്ടിട്ടുണ്ട്.
6. വെള്ളത്തിൽ നിന്നുകൊണ്ട് കല്ല് അടുക്കി പണിയുവാൻ വൈഭവമുള്ള തൊഴിലാളികളുടെ ദൗർലഭ്യം.
7. പാറമടകളുടെ നിരോധനത്തെ തുടർന്നുള്ള കരിങ്കല്ലിന്റെ ലഭ്യതക്കുറവ്.
8. ടി. പ്രവർത്തികൾ കുട്ടനാട് പാക്കേജിലെ പൈലറ്റ് പ്രോജക്ട് ആയതിനാലും ഈ സമാനസ്വാഭാവമുള്ള പ്രവർത്തികൾ ചെയ്തു പരിചയം കോൺട്രാക്ടർമാർക്ക് ഇല്ലാത്തതുകൊണ്ടും പ്രവർത്തികളുടെ സുഗമമായ നടത്തിപ്പ് മന്ദഗതിയിലായി.

വെള്ളപ്പൊക്ക നിവാരണ പദ്ധതികളായ (എഫ്.എം.പി.) കെ. ഇ. എൽ–I, കെ. ഇ. എൽ – II എന്നീ പദ്ധതികൾക്ക് നിർമ്മാണ പ്രവർത്തനങ്ങളിലുണ്ടായിട്ടുള്ള കാലതതാമസം തുക വിനിയോഗിക്കുന്നതിൽ പ്രതിഫലിച്ചിട്ടുണ്ട്. ഇപ്പോൾ 2–ാം ഗഡു കേന്ദ്രവിഹിതം അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ